**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4192** **09-08-2021 - ൽ മറുപടിയ്ക്ക്**

**എച്ച്. എസ്. എസ്. ടി. തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്. എസ്. എസ്. ടി. തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം പി.എസ്.സി-യെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിരുന്നോ; ഇപ്രകാരം ഉത്തരവ് ഇറക്കാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | 01/12/2015 ലെ സ.ഉ(കൈ) നമ്പർ 296/2015/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേയ്ക്കുള്ള 25% തസ്തികമാറ്റ ഒഴിവുകളിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോരിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30/01/2021 ലെ സ.ഉ (അച്ചടി)നമ്പർ 2/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്(ഹയർസെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും ഓൺലൈൻ ആയി എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ്, മോഡിഫൈഡ് പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ OA (EKM) 41/2016 നമ്പർ കേസിൻമേലുള്ള 01/02/2021 ലെ ബഹു.കോടതി ഉത്തരവിൽ |

| | | | |
|---|---|---|---|
| | | | 01/12/2015 ലെ 01/12/2015 ലെ സ.ഉ(കൈ) നമ്പർ 296/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ